**2025 ലെ ലോക പൈതൃക ദിനവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ജൈവവൈവിധ്യബോർഡ് സ്കൂൾ കോളേജ് വിദ്യാർത്ഥികളിൽ നിന്നും അവരവരുടെ പ്രദേശത്തെ (പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ) പൈതൃക വിവരശേഖരണ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (Guidelines):**

---

1. **റിപ്പോർട്ടിന്റെ ലക്ഷ്യം :**

   കേരളത്തിലെ വിവിധ പൈതൃക സമ്പത്തുകളുടെ രേഖപ്പെടുത്തലിലൂടെ ജൈവവൈവിധ്യത്തെയും സാംസ്കാരിക പൈതൃകത്തെയും സംരക്ഷിക്കാൻ വിദ്യാർത്ഥികളിൽ അവബോധവും പങ്കാളിത്തവും ഉറപ്പാക്കുക.

2. **റിപ്പോർട്ട് തയ്യാറാക്കേണ്ട വിഷയങ്ങൾ:**

വിദ്യാർത്ഥികൾ ഈ വിഷയങ്ങളിലേതെങ്കിലും തെരഞ്ഞെടുക്കാം:

*ഹെറിറ്റേജ് ഇക്കോസിസ്റ്റങ്ങൾ*: ദ്വീപുകൾ, കുളങ്ങൾ, കാടുകൾ

പൈതൃക വൃക്ഷങ്ങൾ (Heritage trees)

ദൃശ്യ പൈതൃകങ്ങൾ (Visual heritage): പുരാതന കെട്ടിടങ്ങൾ, ആരാധനാലയങ്ങൾ , പഴയ മൺതിട്ടക്കൾ / കയ്യാലകൾ തുടങ്ങിയവ

അദൃശ്യ പൈതൃകങ്ങൾ (Intangible heritage): കലയും കലാരൂപങ്ങളും, പാരമ്പര്യച്ചടങ്ങുകളും

*ജൈവ-സാംസ്കാരിക പൈതൃകം*: തനത് കൃഷിവിധികൾ, ഔഷധസസ്യങ്ങൾ, പരമ്പരാഗത ചികിത്സാവിധികൾ

3. **റിപ്പോർട്ടിന്റെ ഘടന (Suggested Format):**

   I. ആമുഖം (Introduction):

   II. പൈതൃകത്തിന്റെ വിവരണം:

   സ്ഥലം, ചരിത്രം, പ്രത്യേകതകൾ

III. മഹത്വവും വെല്ലുവിളികളും :

ആ പ്രദേശത്തെ ജൈവവൈവിധ്യത്തിൽ ഇതിന്റെ പങ്ക് നിലവിലുള്ള വെല്ലുവിളികൾ

IV.സംരക്ഷണ നിർദ്ദേശങ്ങൾ:

സമൂഹത്തിന്റെ പങ്ക്, പുനരുജ്ജീവന ശ്രമങ്ങൾ

V. സൂചനകൾ / References

ഉപയോഗിച്ച ഗ്രന്ഥങ്ങൾ, വ്യക്തികളുമായി നടത്തിയ അഭിമുഖങ്ങൾ തുടങ്ങിയവ

4. **ഫോർമാറ്റ് (Format):**

ഭാഷ: മലയാളം & ഇംഗ്ലീഷ്

പേജ് എണ്ണം: പരമാവധി 5-8 പേജുകൾ

PDF & word ഫോർമാറ്റുകളിൽ keralabiodiversity@gmail.com എന്ന വിലാസത്തിൽ ഇമെയിൽ ചെയ്യുക.

5. **അവസാന തീയതി:**

**2025 മെയ് 9 വരെ**

6. **പ്രത്യേക നേട്ടങ്ങൾ**

- തെരഞ്ഞെടുക്കപ്പെട്ട റിപ്പോർട്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ People's Biodiversity Register (PBR) ൽ ഉൾപ്പെടുത്തും.
- റിപ്പോർട്ട് സമർപ്പിക്കുന്ന വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും ബയോഡൈവേഴ്സിറ്റി മ്യൂസിയം സന്ദർശനം സൗജന്യമായി അനുവദിക്കപ്പെടും.
- തെരെഞ്ഞെടുക്കപ്പെടുന്ന ഏറ്റവും മികച്ച 10 പൈതൃക കേസ് സ്റ്റഡീസ് കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡ് വെബ്സൈറ്റ് ൽ പ്രസിദ്ധീകരിക്കുന്നതാണ്.

- റിപ്പോർട്ടുകൾ അയക്കുന്ന വിദ്യാർഥികൾക്ക് കേരള സംസ്ഥാന ജൈവ വൈവിദ്ധ്യ ബോർഡിന്റെ ചെയർമാൻ, മെമ്പർ സെക്രട്ടറിയുടെ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റ് നൽകുന്നതായിരിക്കും.

7. **കൂടുതൽ വിവരങ്ങൾക്ക്** : website : https://keralabiodiversity.org

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്, കവടിയർ, തിരുവനന്തപുരം, ഫോൺ : 0471-2724740

Email: keralabiodiversity@gmail.com

**അറിവ് പങ്കിടൂ, പൈതൃകം സംരക്ഷിക്കൂ!**

**ചെയർമാൻ**
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്